# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6157 — 08.07.2014 ൽ മറുപടിക്ക്

### ജനസമ്പർക്ക പരിപാടി

ചോദ്യം — ശ്രീ. സി.ദിവാകരൻ

മറുപടി — ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) ജസമ്പർക്ക പരിപാടികളിലൂടെ എത്ര പേർക്കാണ് സാമ്പത്തിക ആനുകൂല്യം നൽകിയത്; | എ) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ 50,962 പേർക്കും രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ നാളിതുവരെ 25,953 പേർക്കും സാമ്പത്തിക ആനുകൂല്യം നൽകിയിട്ടുണ്ട്. |
| ബി) സാമ്പത്തിക ആനുകൂല്യം അനുവദിക്കുന്നതിൽ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്? | ബി) സാമ്പത്തിക ആനുകൂല്യം അനുവദിക്കുന്നതിലേക്കായി ലഭ്യമായ അപേക്ഷകൾ വില്ലേജ് തലത്തിൽ അന്വേഷണം നടത്തി ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റുകളുടേയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലും, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് റവന്യൂ (ഡി.ആർ.എഫ്.എ) വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള വിവിധ സർക്കാർ ഉത്തരവുകളുടെയും മറ്റു നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലും, ജനസമ്പർക്ക പരിപാടി ദിവസം മുഖ്യമന്ത്രിയും അദ്ദേഹം ചുമതല പ്പെടുത്തിയ മന്ത്രിമാരും പരാതിക്കാരെ നേരിൽ കേട്ടുമാണ് സാമ്പത്തിക സഹായം അനുവദിച്ചിട്ടുള്ളത്. |

Reshma

അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ